## കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4200

16.12.2014-ൽ മറുപടിയ്ക്ക്

## പൊതുമേഖലാ സ്ഥാപന മേധാവികളുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി.ചെന്താമരാക്ഷൻ**<br>,, **വി.ശിവൻകുട്ടി**<br>,, **എ.എം. ആരിഫ്**<br>,, **എസ്.രാജേന്ദ്രൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമനം നടത്തുമ്പോൾ കഴിവുള്ളവരാണെന്നും കുറ്റാരോപിതരല്ലെന്നും ഉറപ്പ് വരുത്താറുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ൽ വിജിലൻസിന്റെ വിമർശനത്തിന് വിധേയനായ ആളെ ഉന്നതസ്ഥാനത്ത് നിയോഗിച്ചെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | **(ബി)** കെ.എം.എം.എൽ ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് നിയമിച്ചിട്ടുള്ളത്. റിട്ടയർമെന്റിനുശേഷവും അദ്ദേഹത്തിന്റെ സേവനം നീട്ടിനൽകിയിരിക്കുകയാണ്. |
| **(സി)** ഇത്തരത്തിൽ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉന്നത സ്ഥാനങ്ങളിൽ കുറ്റാരോപിതർ ഇപ്പോഴും തുടരുന്നതായി അറിയാമോ; നിയമനം നൽകുന്നതിന് മുമ്പ് വിജിലൻസ് റിപ്പോർട്ട് വാങ്ങാറുണ്ടോ; വിജിലൻസ് റിപ്പോർട്ട് തേടാതെ ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കപ്പെട്ടവർ ആരൊക്കെ; വ്യക്തമാക്കുമോ; | **(സി)** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നവർ ഒഴികെയുള്ള മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിയമനം ക്രമവൽകരിക്കുന്നതിനു മുൻപായി വിജിലൻസ് വകുപ്പിന്റെ ക്ലീയറൻസ് വാങ്ങാറുണ്ട്. |

| | |
| --- | --- |
| **(ഡി)** പൊതുമേഖലാ സ്ഥാപനങ്ങളിൽ കുറ്റാരോപിതരെ നിയമിക്കുന്നത് സ്ഥാപനത്തിന്റെ പുരോഗതിയെ ബാധിക്കുമെന്നതിൽ നിലപാട് വ്യക്തമാക്കുമോ? | (ഡി) ആരോപണ വിധേയരായവരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി നിയമിക്കരുതെന്നാണ് സർക്കാരിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ